LIBRARY ARCHIVES Kerala Legislative Assembly

മാനേജിംഗ് ഡയറക്ടർ ബഹുമാനപ്പെട്ട സ്ഥലം എം.എൽ.എ.യുമായി കൂടിയാലോചിച്ച് ജനറൽ ഇൻഡസ്ട്രിയൽ പാർക്ക് എന്ന രീതിയിൽ വ്യവസായം ആരംഭിക്കുന്നതിന് യോജിച്ച സ്ഥലം കണ്ടെത്തുവാനും അപ്പാരൽ പാർക്കിനായി കണ്ടെത്തിയ 1.40558 ഏക്കർ സ്ഥലം സിഡ്കോയ്ക്ക് പി.പി.പി. ആയി വ്യവസായം ആരംഭിക്കുവാൻ ഉപകരിക്കുമോ എന്നും എങ്കിൽ ആരംഭിക്കാൻ ഉദ്ദേശിക്കുന്ന വ്യവസായം സംബന്ധിച്ച് സിഡ്കോ മാനേജിംഗ് ഡയറക്ടർ ബഹുമാനപ്പെട്ട എം.എൽ.എ.-യുമായി കൂടിയാലോചിച്ച് ശിപാർശ നൽകുവാനും നിർദ്ദേശം നൽകിയിരുന്നു.

(ബി) 17-7-2014-ലെ യോഗ തീരുമാനപ്രകാരം പ്രസ്തുത സ്ഥലത്ത് സിഡ്കോയെക്കൊണ്ട് പി.പി.പി. മാതൃകയിൽ വ്യവസായങ്ങൾ ആരംഭിക്കാനുള്ള സാദ്ധ്യതകൾ പരിശോധിച്ചുവരികയാണ്.

(സി) മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടില്ല. എന്നാൽ 17-7-2014-ലെ യോഗ തീരുമാനപ്രകാരം പ്രസ്തുത സ്ഥലത്ത് സിഡ്കോയെക്കൊണ്ട് പി.പി.പി. മാതൃകയിൽ വ്യവസായങ്ങൾ ആരംഭിക്കാനുള്ള സാദ്ധ്യതകൾ പരിശോധിച്ചു വരികയാണ്.

(ഡി) പ്രസ്തുത യോഗ തീരുമാനപ്രകാരം റാന്നിയിൽ കിൻഫ്ര ഒരു വ്യവസായ പാർക്ക് സ്ഥാപിക്കുന്നതിന് അനുയോജ്യമായ ഭൂമി കണ്ടെത്തുന്ന മുറയ്ക്ക് വ്യവസായ പാർക്ക് ആരംഭിക്കുന്ന വിഷയം പരിഗണിക്കുന്നതാണ്.

മലബാർ സിമെന്റ്സ്

220 (565) ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മലബാർ സിമെന്റ്സ് കമ്പനിയുടെ ലാഭം ഓരോ വർഷത്തിലും എത്ര ആണെന്ന് വേർതിരിച്ച് വിശദമാക്കാമോ ;

(ബി) 2006 മുതൽ 2011 വരെയുള്ള കാലയളവിൽ പ്രസ്തുത കമ്പനിയുടെ ലാഭം എത്രയായിരുന്നുവെന്ന് വേർതിരിച്ച് വിശദമാക്കാമോ ?

ഉത്തരം

(എ)

2011-12	5081.49	ലക്ഷം രൂപ
2012-13	4872.96	" "
2013-14	935.63	" "
2014-15	2018.77	" "
2015-16	966.07	" "

(April & May 2015)

ആകെ - 12908.85 ലക്ഷം രൂപ

(ബി)

2006-07	2704.83 ലക്ഷം രൂപ
2007-08	3994.27 " "
2008-09	4785.86 " "
2009-10	3031.70 " "
2010-11	4428.30 " "
ആകെ -	18944.96 ലക്ഷം "

വ്യവസായ വകുപ്പിലെ പ്രൊമോഷൻ

221 (566) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വ്യവസായ വകുപ്പിൽ മാനദണ്ഡങ്ങൾക്ക് വിരുദ്ധമായും സീനിയോറിറ്റി അവഗണിച്ചും പ്രമോഷൻ നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത പ്രശ്നം പരിശോധിച്ച് പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ബാധകമല്ല.

കൊല്ലം ആസ്ഥാനമായി കാഷ്യൂ ബോർഡ് അനുവദിക്കുന്നത് സംബന്ധിച്ച്

222 (567) ശ്രീ. പി. കെ. ഗുരുദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം ആസ്ഥാനമായി കാഷ്യൂബോർഡ് അനുവദിക്കുന്നത് സംബന്ധിച്ച് കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിന് ഇതുവരെ സ്വീകരിച്ച നടപടി വിശദമാക്കുമോ ;

(ബി) ഇതുസംബന്ധിച്ച് കേന്ദ്ര സർക്കാരിൽനിന്നും എന്തെങ്കിലും തീരുമാനം ഉണ്ടായിട്ടുണ്ടോ ; വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly